**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2506 06.12.2018-ലെ മറുപടിയ്ക്ക്

## ഒളിമ്പിക്സ് മെഡലിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഒളിമ്പിക്സ് മെഡൽ ലക്ഷ്യമിട്ട് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ഒളിമ്പിക് മെഡൽ സാധ്യതയുള്ള കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പേരിലുള്ള പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ഈ പരിശീലന പദ്ധതിയിൽ ലഭ്യമാക്കുന്നു.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിന്നുള്ള ഏഷ്യൻഗെയിംസ് മെഡൽ ജേതാക്കൾക്ക് എന്തൊക്കെ ധനസഹായമാണ് ഇതിനകം അനുവദിച്ചത് എന്ന് | (ബി) & (സി) | 18-ാമത് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾക്ക് യഥാക്രമം 20, 15, 10 ലക്ഷം രൂപ വീതം ക്യാഷ് അവാർഡായി നൽകിയിട്ടുണ്ട്. മെഡൽ നേടിയ |

| | | | |
|---|---|---|---|
| | വെളിപ്പെടുത്തുമോ; | | കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സർക്കാർ വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | അവർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**